സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ

21 (3660) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര സ്കൂളുകളുണ്ട് ;

(ബി) ഈ സ്കൂളുകളിൽ എത്ര ക്ലാസ്സുവരെയുണ്ട് ;

(സി) ഇവയിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളെത്ര ; മലയാളം മീഡിയം സ്കൂളുകളെത്ര ;

(ഡി) ഇത്തരം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികളും അദ്ധ്യാപകരുമുണ്ട് ;

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സ്പെഷ്യൽ ഓർഡർ വഴി താല്ക്കാലികാംഗീകാരം നൽകുന്ന ഏർപ്പാട് കഴിഞ്ഞവർഷം വരെ ഉണ്ടായിരുന്നുവോ ;

(എഫ്) ഈ വർഷം ഈ ഏർപ്പാട് തുടരാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കൃത്യമായി കണക്കുകൾ എടുത്തിട്ടില്ല.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ടായിരുന്നില്ല.

(എഫ്) ബാധകമല്ല.

സംസ്ഥാനത്ത് അദ്ധ്യാപകരില്ലാത്ത വിദ്യാലയങ്ങൾ

22 (3661) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമായ അദ്ധ്യാപകരില്ലാത്ത വിദ്യാലയങ്ങൾ ഉണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാത്തത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്നതനുസരിച്ച് പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ പി.എസ്.സി മുഖേനയും അല്ലാത്ത ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റു കിട്ടുന്നതിനു നേരിടുന്ന കാലതാമസം ഒഴിവുകൾ യഥാസമയം നികത്തപ്പെടാതെ കിടക്കുന്നതിന് കാരണമാകുന്നു. എങ്കിലും അദ്ധ്യാപകർ ഒഴിവുള്ള വിദ്യാലയങ്ങളിൽ നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി

23 (3662) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 അദ്ധ്യയന വർഷത്തേയ്ക്ക് സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ആവശ്യമായ മൊത്തം പാഠപുസ്തകങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിക്കുവേണ്ടി ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(സി) എത്ര പാഠപുസ്തകങ്ങളാണ് ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിക്കുന്നത് ; സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്നത് എത്രയാണ് ;

(ഡി) പാഠപുസ്തകങ്ങളിൽ തെറ്റുകൾ കടന്നു കൂടാതിരിക്കാൻ എന്തെങ്കിലും മുൻ കരുതലുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) അടുത്ത അദ്ധ്യയന വർഷത്തിൽ ഏതെല്ലാം സ്റ്റാൻഡേർഡുകളിലെ പാഠപുസ്തകങ്ങളാണ് മാറുന്നതെന്ന് വെളിപ്പെടുത്താമോ ;

(എഫ്) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ മാറ്റമുള്ളവ ഉൾപ്പെടെയുള്ള പാഠപുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങളിലും കൃത്യമായി എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2,82,00,000 പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്.

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിക്കുവേണ്ടി ടെണ്ടർ വിളിച്ചിരുന്നു.

(സി) അടുത്ത അദ്ധ്യന വർഷത്തേയ്ക്കാവശ്യമായ 95,70,000 പാഠപുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സുകളിലും 1,86,30,000 പാഠപുസ്തകങ്ങൾ സ്വകാര്യ പ്രസ്സുകളിലും അച്ചടിക്കുന്നുണ്ട്.

(ഡി) പാഠപുസ്തങ്ങളിൽ തെറ്റുകൾ കടന്നു കൂടാതിരിക്കാൻ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly